**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2797** **13-03-2020 ൽ മറുപടിക്ക്**

**സർക്കാർ ഭൂമി കയ്യേറുന്നത് തടയൽ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. ഡി.കെ. മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറുന്നത് തടയുന്നതിനും അവ സാമൂഹ്യപരവും വികസനപരവുമായ ആവശ്യങ്ങൾക്ക് ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) സർക്കാർ വക ഭൂമിയിലെ കൈയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ലെയും, 1958 ലെ അനുബന്ധ ചട്ടങ്ങളിലെയും, 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കൈയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ തലത്തിൽ മോണിറ്ററിങ് സെൽ രൂപീകരിച്ചിട്ടുള്ളതും, പ്രസ്തുത ടീം വിവിധ വകുപ്പുകളെ എകോപിപ്പിച്ചു കൊണ്ട് താലൂക്ക് സർവ്വേയർമാരുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി, അതിർത്തി കല്ലുകൾ സ്ഥാപിച്ച് കൈയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും, കൈയ്യേറ്റം കണ്ടെത്തുന്ന പക്ഷം ആയത് സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ സ്വീകരിച്ചുവരുന്നു. ടി സർക്കാർ ഉത്തരവിൻപ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ 10.09.2018 ലെ സ.ഉ (സാധാ) 3778/18/റവ പ്രകാരം രൂപീകരിച്ചിട്ടുള്ള മോണിറ്ററിങ് സെൽ വഴിയും, തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഇത്തരത്തിൽ അന്യാധീനപ്പെട്ട സർക്കാർ ഭൂമികൾ വീണ്ടെടുത്ത് വിവിധ പൊതു ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന കാര്യത്തിൽ അനുവാദം നൽകുന്നത് റവന്യൂ വകുപ്പാണ്. |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ സേവന വകുപ്പുകൾക്ക് പ്രസ്തുത ഭൂമി ആവശ്യമാണെന്നു കണ്ടെത്തുന്ന പക്ഷം ഭൂമി കൈവശമുള്ള വകുപ്പിന്റെ അനുമതി വാങ്ങി , ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തി നിയമാനുസരണം ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വികസനാവശ്യങ്ങൾക്കായി മറ്റു സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് പ്രദേശങ്ങളിൽ യഥാക്രമം 10,25, 50 സെന്റ് വീതം സേവനവകുപ്പുകൾക്ക് കൈമാറി നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്ക് അനുവദിച്ചു നൽകിക്കൊണ്ട് 05.06.2018 ലെ ജി.ഒ (പി) 31/18 നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിലൂടെ വികസനാവശ്യങ്ങൾക്ക് ഭൂമി കൈമാറുന്ന കാര്യത്തിലുണ്ടായിരുന്ന കാലതാമസം ഗണ്യമായ തോതിൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കൈയ്യേറ്റങ്ങൾ കണ്ടെത്തി അവ യഥാവിധി തടയുന്നതിനും ശാസ്ത്രീയവും സമഗ്രവുമായ ഭൂവിനിയോഗവും ഭൂസംരക്ഷണവും സാധ്യമാക്കുന്നതിനും കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) | സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും ഒഴിപ്പിക്കുന്നതിനും വേണ്ടി നിലവിൽ ഇടുക്കി ജില്ലയിൽ വിമുക്ത ഭടൻമാരായ 8 അംഗങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് ഗവൺമെന്റ് ലാൻഡ് പ്രൊട്ടക്ഷൻ എൻഫോഴ്സ്മെന്റ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സംവിധാനം മറ്റു ജില്ലകളിലും കൂടി നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു. സ.ഉ (എം.എസ്) നം. 236/2018/റവ തീയതി 25.06.2018 പ്രകാരം കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ, കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്നിവ സംയോജിപ്പിച്ചു കൊണ്ട് കേരള ലാൻഡ് റെക്കോർഡ്സ് മോഡെണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. |
| (സി) | പൊതുജനങ്ങൾക്ക് സർക്കാർ ഭൂമി കൈയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്യാൻ ടോൾ ഫ്രീ നമ്പർ സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകുമോ? | (സി) | പ്രസ്തുത ടോൾ ഫ്രീ നമ്പർ സംവിധാനം ഇപ്പോൾ നിലവിലില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ